**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3610. 23.06.2014 ൽ മറുപടിയ്ക്ക്.

ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം<br>ശ്രീ. പി.റ്റി.എ. റഹീം | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നിലവിലുള്ള ഫെയർ സ്റ്റേജുകൾ മാറ്റുക പ്രായോഗികമല്ലെന്ന് ജസ്റ്റിസ് രാമചന്ദ്രന്റെ നേതൃത്വത്തിലുള്ള ഫെയർ റിവിഷൻ കമ്മിറ്റി കഴിഞ്ഞവർഷം റിപ്പോർട്ട് നൽകുകയും ആയത് അംഗീകരിച്ച് G.O. (MS) 13/Tran. ആയി 7-9-2013 - ന് ഉത്തരവിറക്കുകയും ചെയ്തിരുന്നോ ; | (എ)<br>&<br>(ബി)<br>&<br>(സി) | ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇപ്പോൾ പ്രാബല്യത്തിലുള്ള ബസ്ചാർജ്ജ് വർദ്ധനവ് വിജ്ഞാപനം ചെയ്തതിനെ തുടർന്ന് ഫെയർസ്റ്റേജ് സംബന്ധിച്ച് നിരവധി പെറ്റീഷനുകൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. ജസ്റ്റിസ് രാമചന്ദ്രൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങളിൽ ഫെയർസ്റ്റേജ് അപാകതയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന കാര്യം പരിഗണിച്ചു കൊണ്ടാണ് ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി ഈ വിഷയം പഠിച്ച് പൊതുവായ ശുപാർശ സമർപ്പിക്കാൻ നിർദ്ദേശം നൽകിയത്.<br>ഫെയർസ്റ്റേജ് അപാകതകൾ സംബന്ധിച്ച പരാതികൾ ആദ്യം ആർ.ടി.എ. മുമ്പാകെയാണ് ഉന്നയിക്കേണ്ടതെന്നും അതിന്മേലുള്ള റിവിഷൻ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിന് മുൻപാകെ ഉന്നയിക്കാമെന്നുമുള്ള ഹൈക്കോടതി വിധി ഉണ്ടായിരുന്നു. ഈ വിധി 02/08/1999 ലാണ് ബഹു.ഹൈക്കോടതി പുറപ്പെടുവിച്ചത്. എന്നാൽ 2010 ലാണ് ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി നിയമിക്കപ്പെട്ടതും കമ്മിറ്റിയുടെ |
| (ബി) | എങ്കിൽ ഇത്തവണത്തെ ബസ് ചാർജ് വർദ്ധനവിന് ശേഷവും ഫെയർ സ്റ്റേജ് അപാകത സംബന്ധിച്ച് പഠിക്കുവാൻ ഇതേ കമ്മിറ്റി ചെയർമാനെ ചുമതല പ്പെടുത്തിയതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | ഫെയർ സ്റ്റേജ് അപാകതകൾ പരിഹരിക്കേണ്ടത് അതത് ട്രാൻസ്പോർട്ട് അതോറിറ്റികളാണെന്ന ഹൈക്കോടതി വിധി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഫെയർ സ്റ്റേജ് അപാകത പരിഹരിക്കാൻ വീണ്ടും ഫെയർ റിവിഷൻ കമ്മിറ്റി ചെയർമാനെ ചുമതലപ്പെടുത്തിയത് എന്ത് അടിസ്ഥാന ത്തിലാണെന്ന് വ്യക്തമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | പരിഗണനാവിഷയങ്ങളിൽ ഇത് ഉൾപ്പെടുത്തുകയും ചെയ്തിരുന്നത്. കമ്മിറ്റിയുടെ അധികാരം സംബന്ധിച്ചോ പരിഗണനാവിഷയങ്ങൾ സംബന്ധിച്ചോ നാളിതുവരെ തർക്കങ്ങളൊന്നും തന്നെ ആരും ഉന്നയിച്ചിട്ടില്ല. അതിനാലാണ് ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയെ ഫെയർസ്റ്റേജ് അപാകതകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വീണ്ടും ചുമതലപ്പെടുത്തിയത്. |

സെക്ഷൻ ഓഫീസർ.